ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04-07-2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. അഗ്നിവീറുകളുടെ ക്ഷേമത്തിന് സൈന്യം പ്രതിജ്ഞാബദ്ധമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   Defence Minister Rajnath Singh has said that Indian Army Committed To Welfare Of Agniveers.

2. കസാഖ് സ്ഥാനിലെ അസ്താനയിൽ ഇന്ന് നടക്കുന്ന 24-മത് ഷാങ്ഹായ് നേതൃതല ഉച്ചകോടിയിൽ വിദേശകാര്യമന്ത്രി എസ്. ജയശങ്കർ ഇന്ത്യൻ സംഘത്തെ നയിക്കും.

   External Affairs Minister Dr S Jaishankar will lead the Indian delegation at the Shanghai Cooperation Organisation (SCO) Summit in Astana, Kazhakstan today

3. നിതി ആയോഗിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സമ്പൂർണതാ അഭിയാന് വയനാടും, കാസർഗോഡും തുടക്കം.

   NITI Aayog's Sampoornata Abhiyan, starts in Wayanad and Kasaragod today.

4. പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രതിസന്ധിക്ക് സപ്ലിമെൻററി

അലോട്ട്മെൻറ് പൂർത്തിയാകുമ്പോൾ പരിഹാരം ഉണ്ടാകുമെന്ന് മന്ത്രി. വി. ശിവൻ കുട്ടി.

Plus-One seat crisis in Kerala will be resolved after the completion of supplementary allotment, says Education Minister V. Sivankutty.

5. ട്വൻറി - 20 ക്രിക്കറ്റ് ലോക കപ്പ് ജേതാക്കളായ ഇന്ത്യൻ ടീം പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി.

Prime Minister Narendra Modi is meeting the victorious Indian men's cricket team in New Delhi

6. കോപ്പ അമേരിക്ക, യൂറോ കപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം.

Copa America, Euro Cup football quarter-finals will start tomorrow.

$$$$$$$$$$$$$$$$$$$$$

## HEADLINE-1

**RAJNATH ARMY AGNIVEER**

അഗ്നിവീറുകളുടെ ക്ഷേമത്തിന് സൈന്യം പ്രതിജ്ഞാബദ്ധമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ജോലിക്കിടെ ജീവൻ നഷ്ടമായ അഗ്നീവീർ അജയ് കുമാറിന്റെ കുടുംബത്തിന് 98 ലക്ഷത്തി 39,000 രൂപനഷ്ടപരിഹാരം കൈമാറിയ വിവരവും രാജ്യരക്ഷാ മന്ത്രി സമൂഹ മാധ്യമത്തിൽ പങ്കു വച്ചു. പൊലീസ് പരിശോധനയ്ക്ക് ശേഷം അഗ്നിവീർ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ഉൾപ്പെടെ 67 ലക്ഷം രൂപ കൂടി നൽകുമെന്നും കരസേന അറിയിച്ചു. അഗ്നിവീർ അജയ്കുമാറിൻറെ കുടുംബത്തിന് നഷ്ടപരിഹാരം ലഭിച്ചില്ലെന്ന സമൂഹമാധ്യമ പോസ്റ്റുകളുടെ പശ്ചാത്തലത്തിലാണ് സൈന്യത്തിന്റെ വിശദീകരണം. അഗ്നിവീർ ഉൾപ്പെടെ കൃത്യനിർവഹണത്തിനിടെ ജീവൻ നഷ്ടമാകുന്ന സൈനികരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക കാലതാമസമില്ലാതെ കൈമാറാറുണ്ടെന്നും സൈന്യം വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$

# HEADLINE-2

## JAISHANKAR – SCO SUMMIT

കസാഖ്സ്ഥാനിലെ അസ്താനയിൽ ഇന്ന് നടക്കുന്ന 24-മത് ഷാങ്ഹായ് നേതൃതല ഉച്ചകോടിയിൽ വിദേശകാര്യമന്ത്രി എസ്. ജയശങ്കർ ഇന്ത്യൻ സംഘത്തെ നയിക്കും. ഷാങ്ഹായ് സഹകരണ സംഘടനയുടെ കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളിലെ പ്രവർത്തനങ്ങൾ യോഗം അവലോകനം ചെയ്യും. പ്രദേശിക, അന്താരാഷ്ട്ര പ്രാധാന്യമുള്ള വിവിധ വിഷയങ്ങളും ഉച്ചകോടിയിൽ ചർച്ചയാവും. ഷാങ്ഹായ് രാജ്യങ്ങൾക്കിടയിലെ സാമ്പത്തിക സഹകരണം, സുരക്ഷ, കണക്റ്റിവിറ്റി, ഐക്യം, പരമാധികാരം, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കാണ് ഇന്ത്യ പ്രാധാന്യം നൽകി വരുന്നത്. 23-മത് ഷാങ്ഹായ് നേതൃതല ഉച്ചകോടിയ്ക്ക് വെർച്വൽ രീതിയിൽ ഇന്ത്യ ആതിഥേയത്വം വഹിച്ചിരുന്നു. ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ ശ്രീ ജയശങ്കർ ഇന്ന് ചൈനീസ് വിദേശകാര്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസുമായും, കസാഖ് സ്ഥാൻ, റഷ്യ, ബെലാറസ്, ഉസ്ബക്കിസ്ഥാൻ, തജിക്കിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നുള്ള വിദേശകാര്യമന്ത്രിമാരുമായും അദ്ദേഹം ഇന്നലെ കൂടിക്കാഴ്ച നടത്തിയിരുന്നു. അസ്താനയിലെ പുഷ്കിൻ പാർക്കിലുള്ള മഹാത്മാഗാന്ധി പ്രതിമയിൽ ശ്രീ ജയശങ്കർ ആദരമർപ്പിച്ചു.

$$$$$$$$$$$$$$$$$$$$$

## LS-RULES

ലോക്സഭയിൽ പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞയുമായി ബന്ധപ്പെട്ട നിയമാവലികൾ ലോക്സഭാ സ്പീക്കർ ഓം ബിർള ഭേദഗതി ചെയ്തു. സത്യപ്രതിജ്ഞയ്ക്കിടെ മുദ്രാവാക്യങ്ങളും, മറ്റ് പരാമർശങ്ങളും തടഞ്ഞുകൊണ്ടാണ് ഭേദഗതി. സത്യവാചകത്തിന് മുൻപോ, ശേഷമോ മറ്റ് വാക്കുകളോ, പരാമർശങ്ങളോ പാടില്ല. പാർലമെന്റിൽ കഴിഞ്ഞ ആഴ്ച നടന്ന സത്യപ്രതിജ്ഞാ ചടങ്ങിനിടെ ചില അംഗങ്ങൾ നടത്തിയ പരാമർശങ്ങളെ മറ്റു ചിലർ എതിർത്ത സാഹചര്യത്തിലാണ് ഭേദഗതി.

$$$$$$$$$$$$$$$$$$$$$

# HEADLINE-3

## *NITI-CAMPAIGN – INTRO*

***നിതീ ആയോഗിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സമ്പൂർണതാ അഭിയാന് വയനാടും, കാസർഗോഡും തുടക്കം. കേന്ദ്രം നടപ്പാക്കുന്ന അഭിലാഷ ജില്ലാ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലാണ് സമ്പൂർണതാ അഭിയാൻ നടപ്പിലാക്കുന്നത്. വയനാട് ജില്ലയ്ക്കും, കാസർഗോഡ് പരപ്പാ ബ്ലോക്കിനും പുറമെ ഇടുക്കി ജില്ലയിലെ അഴുത, ദേവികുളം ബ്ലോക്കുകളും, പാലക്കാട് ജില്ലയിലെ അട്ടപ്പാടി, കൊല്ലങ്കോട് ബ്ലോക്കുകളും കേരളത്തിൽ നിന്ന് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രദേശങ്ങളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമിടുന്നതാണ് പദ്ധതി.***
***വിശദാംശങ്ങളിലേക്ക്.....***

***(VO)***

***നിതി അയോഗിന്റെ നേതൃത്വത്തിൽ രാജ്യത്തുടനീളമുള്ള 112 അഭിലാഷ ജില്ലകളിലും 500 അഭിലാഷ ബ്ലോക്കുകളിലുമാണ് സമ്പൂർണതാ അഭിയാൻ സംഘടിപ്പിക്കുന്നത്. ഇന്ന് മുതൽ സെപ്റ്റംബർ 30 വരെയുള്ള മൂന്ന് മാസക്കാലയളവിലാണ് പദ്ധതി നടപ്പാക്കുക. ഗർഭകാല പരിചരണത്തിനായി രജിസ്റ്റർ ചെയ്ത ഗർഭിണികൾ, പോഷകാഹാര പരിപാടിയിൽ ഉൾപ്പെട്ട ഗർഭിണികൾ, പൂർണ്ണമായി പ്രതിരോധ കുത്തിവയ്പ്പ് എടുത്ത കുട്ടികളുടെ ശതമാനം, സോയിൽ ഹെൽത്ത് കാർഡുള്ള കർഷകർ, വൈദ്യുതീകരിച്ച സെക്കൻഡറി തല സ്കൂളുകൾ തുടങ്ങി ആറ് സൂചകങ്ങൾ അടിസ്ഥാനമാക്കിയാണ് പദ്ധതി നടപ്പാക്കുന്നത്. . ഓരോ മാസവും സൂചകങ്ങളുടെ പുരോഗതി വിലയിരുത്തി പ്രവർത്തനം ഊർജ്ജിതമാക്കാനാണ് ലക്ഷ്യമിടുന്നത്.***
***ന്യൂസ്ഡെസ്ക് ആകാശവാണി......***

$$$$$$$$$$$$$$$$$$$$$$

**SAMPOORNATA – PALAKKAD**

അഭിലാഷ ബ്ലോക്ക് പട്ടികയിൽ ഉൾപ്പെട്ട പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് നാളെ സമ്പൂർണതാ അഭിയാനുമായി ബന്ധപ്പെട്ട പരിപാടി സംഘടിപ്പിക്കും. വാസുദേവ മേനോൻ മെമ്മോറിയൽ പഞ്ചായത്ത് ഹാളിൽ നടക്കുന്ന പരിപാടിയിൽ ആരോഗ്യ പരിശോധനാ ക്യാമ്പ്, പോഷകാഹാര പ്രദർശനവും റാലിയും, മണ്ണ് പരിശോധന ക്യാമ്പയിൻ തുടങ്ങിയവ സംഘടിപ്പിക്കും.

$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**MODI– CRICKET TEAM**

ട്വന്റി - 20 ക്രിക്കറ്റ് ലോക കപ്പ് ജേതാക്കളായ ഇന്ത്യൻ ടീം പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിലെ അദ്ദേഹത്തിന്റെ വസതിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യൻ ടീമിന് ഉജ്ജ്വല വരവേൽപ്പാണ് ഡൽഹി വിമാനത്താവളത്തിൽ ഒരുക്കിയത്. ഇന്ന് വൈകിട്ട് മുംബൈയിലെ നരിമാൻ പോയിന്റിൽ നിന്ന് വാങ്കഡെ സ്റ്റേഡിയം വരെ ആദരസൂചകമായി റോഡ് ഷോ ഒരുക്കിയിട്ടുണ്ട്. തുടർന്ന് നടക്കുന്ന അനുമോദന സമ്മേളനത്തിൽ BCCI പ്രഖ്യാപിച്ച പാരിതോഷികം ടീമംഗങ്ങൾക്ക് കൈമാറും.

$$$$$$$$$$$$$$$$$$$$$

## HEADLINE-4

**ASSEMBLY-SIVANKUTTY**

പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട പ്രതിസന്ധിക്ക് സപ്ലിമെന്ററി അലോട്ട്മെന്റ് പൂർത്തിയാകുമ്പോൾ പരിഹാരം ഉണ്ടാകുമെന്ന് മന്ത്രി. വി. ശിവൻ കുട്ടി. നിയമസഭയിൽ ചോദ്യോത്തരവേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്ലസ് വണ്ണിന് അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം ലഭിക്കും. പത്താം ക്ലാസ് ജയിച്ച വിദ്യാർത്ഥികൾക്ക് തുടർപഠനം ഉറപ്പാക്കുന്നതിന് 2023-24 കാലയളവിൽ താല്ക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും മാറ്റിയതുമായ ബാച്ചുകൾ തുടരും. മലബാർ മേഖലയിലെ എല്ലാ സർക്കാർ സ്കൂളുകളിലും 30 ശതമാനവും എയ്ഡഡ് സ്കൂളുകളിൽ 20 ശതമാനവും മാർജിനൽ സീറ്റുകൾ വർധിപ്പിച്ചതായും മന്ത്രി, നിയമസഭയെ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$

**M.VINCENT - CM**

തിരുവനന്തപുരം കാര്യവട്ടം ക്യാമ്പസിലെ സംഘർഷത്തിൽ പോലീസ് അന്വേഷണ തുടരുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന എം.വിൻസെൻ്റ് എം.എൽ.എയുടെ ഉപക്ഷേപത്തിന് മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി. കെ.എസ്.യു-യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ ഭാഗത്തുനിന്ന് ഉണ്ടായ കല്ലേറിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന സീനിയർ പോലീസ് ഓഫീസർക്ക് പരിക്കേറ്റു. ഇതിന്റെ അടിസ്ഥാനത്തിലാണ് എം.എൽ.എമാരായ എം. വിൻസെന്റ്, ചാണ്ടി ഉമ്മൻ ഉൾപ്പടെ ഉള്ളവർക്കെതിരെ കേസ് എടുത്തതെന്നും മുഖ്യമന്ത്രി പറഞ്ഞു. നടപടികൾ നിർത്തി വയ്ക്കാനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണ അനുമതി നിഷേധിച്ചതിൽ പ്രതിപക്ഷം സഭയിൽ പ്രതിഷേധിച്ചു. അലിഖിത നിയമ വാഴ്ച്ചയാണ് സംസ്ഥാനത്ത് നടക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. പ്രതിപക്ഷ ബഹളം രൂക്ഷമായതിനെ തുടർന്ന് നടപടികൾ വേഗത്തിൽ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിയുകയാണെന്ന് സ്പീക്കർ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$

**GEORGE KUREAN**

തിരുവനന്തപുരം മുതലപ്പൊഴിയിൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ മനസിലാക്കുന്നതിനായി കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ മുതലപ്പൊഴിയിൽ എത്തി. താഴംപള്ളിയിലെ AEE ഓഫീസിൽ അദ്ദേഹം യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

$$$$$$$$$$$$$$$$$$$$$

**VP- KERALA**

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി ശനിയാഴ്ച തിരുവനന്തപുരത്തെത്തും. വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജിയിൽ നടക്കുന്ന ബിരുദദാന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. മികച്ച വിജയം നേടിയ വിദ്യാർഥികൾക്കുള്ള സ്വർണമെഡലുകൾ ഉപരാഷ്ട്രപതി സമ്മാനിക്കും.

തുടർന്ന്, കൊല്ലത്തെത്തുന്ന ശ്രീ ധൻഖർ വൈകിട്ട് അഷ്ടമുടി കായലിൽ ബോട്ട് സവാരി നടത്തും. ഞായറാഴ്ച ഉപരാഷ്ട്രപതി ഡൽഹിയിലേക്ക് മടങ്ങും.

$$$$$$$$$$$$$$$$$$$$$

**PM-VIVEKANANDA**

സ്വാമി വിവേകാനന്ദന്റെ സമാധി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു . സ്വാമി വിവേകാനന്ദന്റെ ഉദ്ബോധനങ്ങൾ ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് അറിവ് പകരുന്നതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. സമ്പന്നവും പുരോഗമനപരവുമായ സമൂഹം എന്ന സ്വാമി വിവേകാനന്ദന്റെ സ്വപ്നം സാക്ഷാത്കരിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$

**HEMANT SOREN**

ഝാർഖണ്ഡ് മുഖ്യമന്ത്രിയായി ജെ.എം.എം നേതാവും മുൻ മുഖ്യമന്ത്രിയുമായ ഹേമന്ദ് സോറൻ ഞായറാഴ്ച സത്യപ്രതിജ്ഞ ചെയ്യും. ഹേമന്ദ് സോറനെ തിരികെ അധികാരത്തിൽ എത്തിക്കുന്നതിനായി ഝാർഖണ്ഡ് മുഖ്യമന്ത്രി ചംപായ് സോറൻ ഇന്നലെ ഗവർണറെ കണ്ട് രാജിക്കത്ത് കൈമാറി. ഭൂമി കുംഭകോണവുമായി ബന്ധപ്പെട്ട ഇ.ഡി കേസിൽ കഴിഞ്ഞ മാസം 28 ന് ഹേമന്ദ് സോറന് ഹൈകോടതി ജാമ്യം അനുവദിച്ചിരുന്നു.

$$$$$$$$$$$$$$$$$$$$$

## HEADLINE-6

**COPA AMERICA - INTRO**

***കോപ്പ അമേരിക്ക ഫുട്ബോൾ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം. നാളെ രാവിലെ 6.30 ന് നടക്കുന്ന ആദ്യ ക്വാർട്ടർ മത്സരത്തിൽ അർജന്റീന, ഇക്വഡോറിനെ നേരിടും.***

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു..***

*(വോയിസ്)*

$$$$$$$$$$$$$$$$$$$$$

**Euro Cup**

യൂറോ കപ്പ്, ഫുട്ബോൾ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്കും നാളെ തുടക്കമാവും. രാത്രി 9.30 ന് നടക്കുന്ന ആദ്യ മത്സരത്തിൽ സ്പെയിൻ ജർമ്മനിയുമായി ഏറ്റുമുട്ടും. ശനിയാഴ്ച പോർച്ചുഗൽ ഫ്രാൻസിനെയും, ഇംഗ്ലണ്ട് സ്വിറ്റ്സർലാൻറിനെയും നേരിടും. നെതർലാൻഡും തുർക്കിയേയും തമ്മിലുള്ള യൂറോകപ്പ് ക്വാർട്ടർ മത്സരം ഈ മാസം ഏഴിനാണ്.

$$$$$$$$$$$$$$$$$$$$$

**SENSEX + GOLD**

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 218 പോയിന്റ് നേട്ടത്തിൽ 80,202 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 59 പോയിൻറ് ഉയർന്ന് 24,345- ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കൂടി. പവന് 520 രൂപ വർദ്ധിച്ച് 53,600 രൂപയും ഗ്രാമിന് 6,700 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$